പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 816** **14-10-2026-ൽ മറുപടിയ്ക്ക്**

**വനവിസ്തൃതി നിർണ്ണയവും സംരക്ഷണവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ വനവിസ്തൃതി വർധിപ്പിക്കുന്നതിനായി നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

**മറുപടി:** സംസ്ഥാനത്തെ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നവയാണ്:

1. ശോഷിത വനമേഖലകളിലും നദീതടങ്ങളിലുമുള്ള പ്രത്യേക വനവൽക്കരണ പദ്ധതികൾ

2. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായുള്ള ഒരു നയരേഖ (Eco-Restoration Plan) - പരാമർശ നയരേഖ പ്രകാരം പരിസ്ഥിതിക്ക് ദോഷകരമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശസസ്യങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത്, പകരം തദ്ദേശീയ വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ചു വരുന്നു

3. ഉൽപ്പാദനക്ഷമത കുറഞ്ഞ തേക്ക് തോട്ടങ്ങൾ കണ്ടെത്തി അവയെ സ്വാഭാവിക വനങ്ങളാക്കി മാറ്റുന്ന പ്രവൃത്തികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നു.

4. വന ആവാസവ്യവസ്ഥയ്ക്ക് ഭീഷണിയായ സെന്ന, ലെന്റാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്തും തദ്ദേശയിനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയും മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയും വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

**(ബി)** വനഭൂമിയുടെ കൈയേറ്റം തടയാനും കൈയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**മറുപടി:** വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ക്യാമ്പിംഗ്, പെരാമ്പുലേഷൻ എന്നിവ നടത്തിയും, എം-സ്ട്രൈപ്സ് (M-STrIPES) മോണിറ്ററിംഗ് സംവിധാനം വഴിയും റിയൽ ടൈം ക്യാമറകൾ സ്ഥാപിച്ചും നിരീക്ഷണം നടത്തി വരുന്നുണ്ട്. കൂടാതെ, എല്ലാ മാസവും ഉൾവനങ്ങളിൽ സ്പെഷ്യൽ ക്യാമ്പുകൾ സംഘടിപ്പിച്ച് വനം കയ്യേറ്റം, വനംകൊള്ള, വനവിഭവ ചൂഷണം എന്നിവ തടയുന്നതിനുള്ള

കർമ്മപദ്ധതികൾ നടപ്പിലാക്കിവരുന്നു. അതോടൊപ്പം, കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിനായി നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** സംസ്ഥാനത്ത് വനാതിർത്തി നിർണയവും ഡിജിറ്റൽ മാപ്പിംഗ് നടപടികളും പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** പൂർത്തിയാക്കിയിട്ടില്ല. ഡിജിറ്റൽ സർവ്വെയും , മാപ്പിംഗും, വനാതിർത്തി നിർണ്ണയവും പുരോഗമിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**